100
11|1|൨൦

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

വനംവന്യജീവി വകുപ്പ്- വനം വകുപ്പിൽ ട്രൈബൽ വാച്ചറായി സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. ബസവന്റെ വിധവയായ ശ്രീമതി.ഗൗരിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ ട്രൈബൽ വാച്ചറായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവിവ(എഫ്) വകുപ്പ്

G.O.(Ms)No.24/2019/F&WLD തീയതി,തിരുവനന്തപുരം, 09/08/2019

---

പരാമർശം:- 1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 ശ്രീമതി ഗൗരി,കക്കേരി കോളനി, തോൽപ്പെട്ടി.പി.ഒ, വയനാട് 30.12.2016 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും.

3 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 10.04.2018 ലെ ഇ6-17179/18 നം. കത്തും, അനുബന്ധ രേഖകളും.

4 21.02.2018 ലെ സ.ഉ(കൈ) 05/2018/ഉ.ഭ.വ നം. സർക്കാർ ഉത്തരവ്.

5 വയനാട് ജില്ലാ കലക്ടറുടെ 10.06.2017,17.07.2019 തീയതികളിലെ DCWYD/6188/2018-A8 നം. കത്തുകളും, അനുബന്ധ രേഖകളും.

## ഉത്തരവ്

വനം വകുപ്പിൽ ട്രൈബൽ വാച്ചറായി സേവനത്തിലിരിക്കെ 24.11.2015 ൽ അന്തരിച്ച ശ്രീ. ബസവന്റെ വിധവയായ ശ്രീമതി.ഗൗരിക്ക് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന്

സമ്മതപത്രവും നൽകിയിട്ടുണ്ട്. അപേക്ഷക നാലാം ക്ലാസ്സ് വരെ പഠിച്ചിട്ടുണ്ട്. അപേക്ഷകയ്ക്ക് 39 വയസ്സ് പൂർത്തിയായിട്ടുണ്ട്. ജനനത്തീയതി 08.07.1980 ആണ്. ടിയളുടെ കുടുംബ വാർഷിക വരുമാനം 30,000/-രൂപയാണെന്ന് തിരുനെല്ലി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, വനം വകുപ്പിൽ ട്രൈബൽ വാച്ചറായി സേവനത്തിലിരിക്കെ 24.11.2015 ൽ അന്തരിച്ച ശ്രീ. ബസവന്റെ വിധവയായ ശ്രീമതി.ഗൗരിക്ക് വയനാട് ജില്ലയിൽ വനം വകുപ്പിൽ 8500-13210 രൂപ ശമ്പള സ്കെയിലിൽ ട്രൈബൽ വാച്ചർ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വയനാട് ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും വയനാട് ജില്ലയിൽ ഒഴിവു വരുന്ന മുറയ്ക്ക് സീനിയോരിറ്റി നഷ്ടപ്പെടാതെ ടിയാന് വയനാട് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാൾക്ക് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കുന്നതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ച ശേഷം തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S PRAVEEN
JOINT SECRETARY

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

ശ്രീമതി ഗൗരി.,കക്കേരി കോളനി, തോൽപ്പെട്ടി.പി.ഒ, വയനാട്.670646.(രജിസ്റ്റേഡ് തപാൽ മടക്ക രസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ്& ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SAJEEVAN M K
Date: 2019.08.12 10:11:52 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:- വനംവന്യജീവി(പാർലമെന്റ്)വകുപ്പ്.